പോലീസ് സ്റ്റേഷനുകളുടെ അതിർത്തി പുനർനിർണ്ണയം

61 (3013) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ അതിർത്തി പുനർനിർണ്ണയിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എടുത്ത നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പോലീസ് ഡയറക്ടർ ജനറലിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1-10-2002-ലെ ജി.ഒ.(ആർ.റ്റി.)നം.1954/02/ആഭ്യ. പ്രകാരം പേരാവൂർ, കണ്ണവം, കൂത്തുപറമ്പ് എന്നീ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അങ്കമാലി പോലീസ് സർക്കിൾ സ്റ്റേഷൻ പുനർവിഭജനം

62 (3014) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർക്കിൾ സ്റ്റേഷൻ പുനർവിഭജനത്തിന്റെ ഭാഗമായി കാലടി പോലീസ് സ്റ്റേഷൻ അങ്കമാലി പോലീസ് സർക്കിൾ സ്റ്റേഷനിൽ നിന്നും ചെങ്ങമനാട് പോലീസ് സർക്കിൾ സ്റ്റേഷന്റെ പരിധിയിലാക്കിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏഴ് വലിയ വില്ലേജ് അതിർത്തികൾ ചേർന്ന കാലടി സ്റ്റേഷൻ ചെങ്ങമനാട് സർക്കിൾ സ്റ്റേഷനോട് അറ്റാച്ച് ചെയ്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാലടി സ്റ്റേഷൻ അങ്കമാലി സ്റ്റേഷനും ഒരു വില്ലേജ് മാത്രമുള്ള അയ്യാംപുഴ സ്റ്റേഷനും ചേർന്നുള്ള അങ്കമാലി സർക്കിൾ സ്റ്റേഷനോട് ചേർത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഇതുസംബന്ധിച്ച് ലഭിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം

63 (3015) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട് ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ 330 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടുപിടിച്ച് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്കമാലി പോലീസ് സ്റ്റേഷന്റെ കെട്ടിടം പണി

64 (3016) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീർണ്ണാവസ്ഥയിലായ അങ്കമാലി പോലീസ് സ്റ്റേഷൻ കെട്ടിടം പുതുക്കിപ്പണിയുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഏതെന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേക്ക് പണി തുടങ്ങുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി&സി) അങ്കമാലി പോലീസ് സ്റ്റേഷനുവേണ്ടി 10.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly